**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4102** **28-06-2024 - ൽ മറുപടിയ്ക്ക്**

**അവയവ മാഫിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ഉയർന്ന് വന്നിട്ടുള്ള അവയവ മാഫിയയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന്റെ കീഴിൽ വിശദമായ അന്വേഷണം നടന്നു വരുന്നു.** |
| (ബി) | അവയവ മാഫിയയുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ ആശുപത്രികളോ സ്ഥാപനങ്ങളോ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | **ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന്റെ കീഴിൽ വിശദമായ അന്വേഷണം നടന്നു വരുന്നു.** |
| (സി) | ഇത്തരത്തിലുള്ള മനുഷ്യത്വരഹിതവും അധാർമ്മികവുമായ പ്രവൃത്തികൾ ഇല്ലാതാക്കി ആരോഗ്യ മേഖലയെ ശുദ്ധീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | **ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19.11.2010 ലെ 14931/എസ്2/2009/ ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ ഇടനിലക്കാർ ഒന്നുംതന്നെ ഇല്ലായെന്നും മറ്റ് പണമിടപാടുകൾ ഇല്ലെന്നും ഉറപ്പുവരുത്തുന്നതിനായി ജില്ലാ തല ആതറൈസേഷൻ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമാണ് ശസ്ത്രക്രിയക്ക് അനുവാദം നൽകുന്നത്. അവയവ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ കമ്മിറ്റി പരിശോധിക്കാറുണ്ട്. കൂടാതെ അവർ തമ്മിലുള്ള അവയവമാറ്റത്തിൽ പണമിടപാടുകളൊന്നും ഇല്ലായെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതു പോലെയുള്ള ബന്ധം അവർ തമ്മിൽ ഉണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നോ, ജനപ്രതിനിധികളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും** |

| | | | |
|---|---|---|---|
| | | | തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയിൽ ആണ് ജനപ്രതിനിധികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മിറ്റി പരിഗണിക്കുന്നത്. ഇതിനു പുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ അടുത്ത ബന്ധുക്കളേയും കമ്മിറ്റി നേരിൽ കേൾക്കുകയും, പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനും വേണ്ടി കമ്മിറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോഡ് ചെയ്ത് സൂക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ